# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.355

### 03-03-2020 ൽ മറുപടിക്ക്

**കിഫ്ബിയുടെ ഓഫീസിൽ സ്വതന്ത്ര സോഫ്റ്റ് വെയർ**

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ കൈകാര്യം ചെയ്യുന്ന കിഫ്ബിയുടെ ഓഫീസിൽ നിലവിൽ സ്വതന്ത്ര സോഫ്റ്റ് വെയറാണോ ഉപയോഗിക്കുന്നത്;<br>(ബി) അല്ലെങ്കിൽ ഏത് കമ്പനിയുടെ സോഫ്റ്റ് വെയറാണ് പ്രസ്തുത ഓഫീസിൽ ഉപയോഗിക്കുന്നതെന്നും സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ? | കിഫ്ബിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വതന്ത്ര സോഫ്റ്റ് വെയറുകളും, proprietory സോഫ്റ്റ് വെയറുകളും ഉപയോഗിച്ച് വരുന്നു. കൂടാതെ കിഫ്ബിയുടെ പ്രവർത്തനങ്ങൾ സുഗമവും സുതാര്യവുമായി നടത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നത് ഇതിനു പ്രത്യേകമായി രൂപകൽപന ചെയ്ത ആപ്ലിക്കേഷനുകളാണ്. C-DIT ഉം NIC യും മുഖേനയാണ് ഇത്തരത്തിലുള്ള ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിരിക്കുന്നത്. കിഫ്ബിയുടെ സങ്കീർണ്ണമായ പദ്ധതി അനുബന്ധ നടപടിക്രമങ്ങൾ നിലവിലുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് നടപ്പിലാക്കുന്നതിൽ ഒട്ടേറെ പരിമിതികൾ ഉണ്ട്. കൂടാതെ, യഥാസമയങ്ങളിൽ സാങ്കേതിക സഹായം ഈ സോഫ്റ്റ് വെയറിൽ ലഭ്യമാക്കുക എന്നത് എല്ലായ്പ്പോഴും ഉറപ്പുവരുത്തുവാൻ കഴിയുകയില്ല. ഈ പരിമിതികൾ കിഫ്ബിയുടെ സമയബന്ധിത പ്രവർത്തനത്തെ സുഗമമായി നടത്തുന്നതിനെ സാരമായി ബാധിക്കുമെന്ന കാരണത്താലാണ് സ്വതന്ത്ര സോഫ്റ്റ് വെയറിനു പുറമെ proprietory സോഫ്റ്റ് വെയറുകളും പ്രത്യേകമായി രൂപകൽപന ചെയ്ത ആപ്ലിക്കേഷനുകളും ഉപയോഗിക്കേണ്ടി വരുന്നത്. |

സെക്ഷൻ ഓഫീസർ